പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 38 27.09.2011-ൽ മറുപടിയ്ക്ക്

ഇന്ധന സർച്ചാർജ്ജ് .

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. രാധാകൃഷ്ണൻ :<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ :<br>ശ്രീ. സാജു പോൾ :<br>ശ്രീ. കെ. വി. വിജയദാസ് : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ വൈദ്യുത ഉപഭോക്താക്കളിൽ നിന്നും ഇന്ധന സർച്ചാർജ്ജ് ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (എ) കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഇന്ധന സർച്ചാർജ്ജ് ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ട്. 2011 ജൂലൈ 21-ാം തീയതിയിലെ ഉത്തരവ് പ്രകാരം യൂണിറ്റൊന്നിന് 25 പൈസ നിരക്കിൽ 2011 ഒക്ടോബർ ഒന്നു മുതൽ സർച്ചാർജ്ജ് ഈടാക്കുവാനാണ് നിർദ്ദേശിച്ചിരിക്കുന്നത്. എന്നാൽ പ്രതിമാസം 120 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളെ ഇന്ധന സർച്ചാർജ്ജിൽ നിന്നും ഒഴിവാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ഈ തീരുമാനം എന്നുമുതൽ നടപ്പിലാക്കുകയുണ്ടായി ; ഏതു തീയതി വരെ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത് ; ഇതുവഴി പ്രതിവർഷം മൊത്തം എത്ര കോടി രൂപ സമാഹരിക്കാനാണ് ബോർഡ് ഉദ്ദേശിക്കുന്നത് ; | (ബി) 2011 ഒക്ടോബർ ഒന്നുമുതൽ ഇന്ധന സർച്ചാർജ്ജ് ഏർപ്പെടുത്തുവാനാണ് കമ്മീഷൻ നിർദ്ദേശം നൽകിയിരിക്കുന്നത്. 2011 ഒക്ടോബർ ഒന്നു മുതൽ ആറുമാസക്കാലയളവിലേക്കോ അല്ലെങ്കിൽ കമ്മീഷൻ അനുവദിച്ചിട്ടുള്ള 181.14 കോടി രൂപ പിരിച്ചെടുക്കുന്ന തീയതി വരെയോ സർച്ചാർജ്ജ് ഈടാക്കാനാണ് കമ്മീഷൻ അനുമതി നൽകിയിട്ടുള്ളത്. |

(സി) ഏറ്റവും ഒടുവിൽ ഓഡിറ്റ് ചെയ്ത കണക്ക് പ്രകാരം വൈദ്യുതി ബോർഡിനുള്ള ലാഭം എത്ര കോടിരൂപയാണ് എന്ന് വ്യക്തമാക്കുമോ ?

(സി) 2009-10 സാമ്പത്തിക വർഷത്തിലെ ആഡിറ്റ് ചെയ്ത കണക്കു പ്രകാരം ബോർഡിൻെറ മൊത്ത വരുമാനം 5183.87 കോടി രൂപയും മൊത്തം ചെലവ് (മുൻ വരവുകൾ/ചെലവുകൾ/തട്ടിക്കഴിച്ചശേഷം) 6170.66 കോടി രൂപയുമാണ്. ഇതു പ്രകാരം 986.79 കോടി രൂപയുടെ റവന്യൂ കമ്മി ഉണ്ടായിട്ടുണ്ട്.

ബോർഡിൻെറ ഇക്വിറ്റി ക്യാപ്പിറ്റൽ 1553 കോടി രൂപയാണ്. കേന്ദ്ര ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ വിഭാവനം ചെയ്ത പ്രകാരം ബോർഡിന് ഇക്വിറ്റിയുടെ 15.5% ലാഭം കാണിക്കാവുന്നതാണ്. പ്രസ്തുത ലാഭത്തിൽ കുറവ് വരുന്ന തുക റവന്യൂ ഗ്യാപ്പ്/റഗുലേറ്ററി അസറ്റായി വരവു വച്ചാണ് ബോർഡ് കണക്കുകൾ തയ്യാറാക്കുന്നത്. 2009-10ൽ ഇപ്രകാരം 1227.51 കോടി രൂപ റവന്യൂ ഗ്യാപ്പായി വരവു വച്ചതിനു ശേഷം ബോർഡിൻെറ ലാഭം 240.72 കോടി രൂപയാണ്. ടി. റഗുലേറ്ററി ഗ്യാപ്പ് ഒഴിവാക്കിയാൽ ബോർഡിന് 986.79 കോടി രൂപയുടെ റവന്യൂ നഷ്ടം ഉണ്ടായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.